(ഡി) ബാർ ലൈസൻസുകൾ കൊടുക്കാതിരിക്കാൻ നടപടികൾ എടുക്കുമോ ?

ഉത്തരം

(എ) മദ്യ നിരോധനം പരിപൂർണ്ണമായി നടപ്പിലാക്കുകയാണെങ്കിൽ 1977-78 ലെ എക്സൈസ് റവന്യൂ അടിസ്ഥാനമാക്കിയുണ്ടാകാവുന്ന നഷ്ടത്തിന്റെ 50% 1978-79 മുതൽ നികത്തിത്തരാമെന്ന് കേന്ദ്രം നിർദ്ദേശിച്ചിരുന്നു.

(ബി) ഇല്ല.
(സി) ചോദ്യം ഉദിക്കുന്നില്ല.
(ഡി) ഈ കാര്യം ഗവൺമെന്റിന്റെ പരിഗണനയിലില്ല.

ആയിക്കരയിൽ ഒരു ചെറുകിട തുറമുഖം

194. [476] ശ്രീ. പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയിക്കര മാപ്പിളബേ ഒരു ചെറുകിട തുറമുഖമാക്കാനുള്ള വല്ല പദ്ധതിയും ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നത്തേക്ക് പ്രാവർത്തികമാക്കും ?

ഉത്തരം

(എ) ഇല്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു)

II ശ്രദ്ധക്ഷണിക്കൽ

(1) വൈക്കത്തെ ചെമ്പുകായൽ ഭൂമി അളന്നു തിരിച്ച് പട്ടയം നൽകാത്തതുമൂലമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. എം. കെ. കേശവൻ : സർ, പന്ത്രണ്ടു വർഷങ്ങൾക്കുമുമ്പ് വൈക്കത്തെ ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികളും ഹരിജനങ്ങളും മൽസ്യത്തൊഴിലാളികളും കയർത്തൊഴിലാളികളുമായിട്ടുള്ള 915 ആളുകൾക്ക് 50 സെന്ററുവീതം പട്ടയം കൊടുത്ത ഭൂമിയാണ് വൈക്കത്തെ ചെമ്പുകായൽ. അന്ന് ആ
9.30 A.M. ഭൂമി പതിച്ച് പട്ടയം കൊടുക്കുന്ന കാലത്ത് ഗവൺമെന്റ് അവരോട് പ്രഖ്യാപിച്ചിരുന്നത് ഈ ഭൂമിക്ക് സർക്കാർ പുറംബണ്ടിട്ട് നികത്തി കൃഷിക്കും താമസത്തിനും ഉപയുക്തമാക്കിക്കൊടുക്കാമെന്നാണ്. അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് റവന്യൂ ബോർഡിന്റെ അധികാരികൾ സ്ഥലം പരിശോധിക്കുകയും 48 ലക്ഷം രൂപയുടെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി രൂപീകരിക്കുകയും ചെയ്തതാണ്. എന്നാൽ ആ പദ്ധതി നടപ്പിലാക്കുന്നതിനുമുമ്പ് അന്നത്തെ ഗവൺമെൻറ് മാറിപ്പോയതിനെ തുടർന്ന് ആ ഭൂമിയിൽ കുറെ നികന്ന ഭാഗമുണ്ടായിരുന്നത് ഫിഷറീസ് ഡിപ്പാർട്ടുമെൻറിന് വിട്ടുകൊടുക്കുകയും ബാക്കിഭാഗം ഒന്നും ചെയ്യാതെ വെറുതെയിട്ടിരിക്കുകയുമാണ്. 50 സെൻറു വീതമുള്ള ഭൂമിയുടെ ഉടമാവകാശം അവിടത്തെ പാവപ്പെട്ട ആളുകൾക്ക് കിട്ടിയതുകൊണ്ട് സർക്കാർ വിതരണം ചെയ്യുന്ന മറേറതെങ്കിലും പുറമ്പോക്കുഭൂമിക്കോ മിച്ചഭൂമിക്കോ ഇവർക്ക് അപേക്ഷിക്കാൻ കഴിയുകയില്ല, അപേക്ഷിച്ചാൽ കിട്ടുകയുമില്ല. എന്നാൽ ഈ ഗവൺമെൻറ് പറഞ്ഞതനുസരിച്ച് ആ ഭൂമി അവർക്ക് നികത്തിക്കൊടുക്കാനുള്ള യാതൊരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. ഈ ഭൂമി അളന്നു തിരിച്ചു കിട്ടാത്തതിൻെറ ഫലമായിട്ട് അവിടത്തെ പാവപ്പെട്ട ആളുകൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ചെറുതൊന്നുമല്ല. സർക്കാരിൻെറ മററു പുറമ്പോക്കു ഭൂമി കിട്ടാനും അവർക്ക് സൗകര്യമില്ലാത്തതുകൊണ്ട് അവർ ഇന്ന് വളരെ ബുദ്ധിമുട്ടിലാണ്. ഈ ഭൂമി പതിച്ചു കൊടുക്കുന്ന കാലത്ത് ഗവൺമെൻറ് നിശ്ചയിച്ച തറവില ഈ പാവപ്പെട്ട ആളുകളിൽ നിന്നും ഗവൺമെൻറ് കരസ്ഥമാക്കിയിട്ടുണ്ട്. എന്നാൽ ഇതുവരേയും ആ ഭൂമി നികത്തിക്കൊടുക്കാൻ കഴിഞ്ഞിട്ടില്ല. ഈ അടുത്ത കാലത്തായി ആ ഭൂമിയുടെ കുറെ ഭാഗം കുറെ ആളുകൾ പ്രത്യേകമായി കൈവശപ്പെടുത്തി അതിന് പട്ടയം സമ്പാദിച്ചുകൊണ്ടിരിക്കുകയാണ്. ആ ഭൂമിയിൽ ഏകദേശം 128-ഓളം ഏക്കർ വരുന്ന പ്രദേശം പാലാക്കാരൻെറ കരി എന്നറിയപ്പെടുന്ന തെങ്ങിൻതോപ്പ് ഉൾപ്പെടെയുള്ള പ്രദേശമാണ്. ആ സ്ഥലം ഇപ്പോൾ ഫിഷറീസ് ഡിപ്പാർട്ടുമെൻറിന് കൊടുത്തു കഴിഞ്ഞിരിക്കുന്നു. ബാക്കിയുള്ള നികന്ന സ്ഥലങ്ങളിൽ ചില ആളുകൾ എൻക്രോച്ച് ചെയ്ത് ആ ഭൂമി അവർകൈവശപ്പെടുത്തി പട്ടയം സമ്പാദിച്ചുകൊണ്ടിരിക്കുന്നു. സത്യത്തിൽ പട്ടയത്തിൻെറ ഉടമസ്ഥരായിട്ടുള്ള 915 ആളുകൾക്ക് ഇപ്പോൾ ആ ഭൂമിയിൽ യാതൊരവകാശവുമില്ലാത്ത സ്ഥിതി വിശേഷമുണ്ടായിട്ടുണ്ട്. ഈ സന്ദർഭത്തിൽ ഇപ്പോൾ ചില പുതിയ ആളുകൾ രംഗത്ത് വന്ന് അതിനുവേണ്ടി ഒരു കമ്മിറ്റി രൂപീകരിക്കുകയും പട്ടയം കുട്ടപ്പൻമാർ എന്നറിയപ്പെടുന്ന ആളുകളാണെന്നു തോന്നുന്നു അതിനുവേണ്ടി ഈ പാവപ്പെട്ട ഓരോ ആളിൽനിന്നും 128 രൂപ വീതം പിരിവ് നടത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു. എനിക്ക് അറിയാൻ കഴിഞ്ഞിടത്തോളം 12,000-ത്തോളം രൂപ ഈ ആളുകളിൽനിന്നും പിരിച്ചിട്ട് ആ ഭൂമി അളക്കാൻ ശ്രമിച്ചു. ഡിപ്പാർട്ടുമെൻറിൽ നിന്ന് തഹശീൽദാർ അടക്കമുള്ള ആളുകൾ പോയി ഭൂമി അളന്നപ്പോൾ കൊടുക്കാൻ കഴിയുന്ന ഭൂമി കണ്ടുപിടിക്കപ്പെട്ടത് 200-ൽ താഴെ ആളുകൾക്കാണ്. 915 പേർക്ക് പട്ടയം കൊടുത്ത ഭൂമി ഇപ്പോൾ അളന്നു തിരിച്ചു വന്നപ്പോൾ 200-ൽ താഴെ ആളുകൾക്ക് മാത്രമേ കൊടുക്കാനുള്ളു എന്നാണ് കണക്കാക്കാൻ കഴിഞ്ഞിട്ടുള്ളത്. എന്നാൽ ഈ ഭൂമി മുഴുവൻ ആളുകൾക്കും കൊടുത്തുകൊള്ളാം എന്നുള്ള പേരിൽ ഇപ്പോൾ പാവപ്പെട്ട ആളുകളിൽനിന്ന് പണപ്പിരിവ് നടത്തുകയും അതിൻെറ പേരിൽ ഈ രാജ്യത്തെ സാമൂഹ്യവിരുദ്ധൻമാരായിട്ടുള്ള കുറെ ആളുകൾ പണം സമ്പാദിക്കുകയും ചെയ്യുന്നുണ്ട്. ഈ ഭൂമി പട്ടയത്തിൻെറ ഉടമകളായിട്ടുള്ള ആളുകൾക്ക് പതിച്ച് പുറംബണ്ടിട്ട് നികത്തി കൊടുക്കാനുള്ള അടിയന്തിര നടപടി ഗവൺമെൻറിൻെറ ഭാഗത്തു നിന്നുമുണ്ടാകേണ്ടതായിട്ടുണ്ട്. ഈ പണപ്പിരിവുകാർക്ക് ഏതെങ്കിലും ഉദ്യോഗസ്ഥൻമാരുടെ സഹായമുണ്ടോഎന്നെനിക്കറിഞ്ഞുകൂടാ. ഏതായാലും അനധികൃതമായി പണംപിരിച്ച് പാവപ്പെട്ട ആളുകളെ കഷ്ടപ്പെടുത്തുന്ന ഈ നടപടി അവസാനിപ്പിക്കാൻ അടിയന്തിരമായി ഗവൺമെൻറ് ഇടപ്പെട്ട് അന്ന് ഭൂമി കൊടുത്തകാലത്ത് അവർക്ക് നൽകിയിട്ടുള്ള വാഗ്ദാനമനുസരിച്ച് ഈ ഭൂമി പുറം ബണ്ടിട്ട് നികത്തി താമസയോഗ്യവും കൃഷി യുക്തവുമാക്കുന്നതിന് അഭ്യർത്ഥി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നു. അങ്ങനെ ഈ ഭൂമി കൊടുക്കുന്നതുവരെ പുതിയ പട്ടയം ആർക്കും കൊടുക്കാൻ പാടില്ല. ഇതിനായുള്ള അടിയന്തിര നടപടികളും സ്വീകരിക്കണമെന്ന് ഗവൺമെൻറിനോട് അപേക്ഷിക്കുന്നു

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, 1969 മുതൽ ആരംഭിച്ചതാണ് ഈ ഭൂമി പതിവിൻെറ കാര്യം. 1969-ൽ എടുത്ത തീരുമാനം 1980-ൽ റദ്ദാക്കി. 1981-ൽ വീണ്ടും അത് കൊടുക്കണമെന്ന് തീരുമാനിച്ചു. ഇത് വെള്ളത്തിൽ മുങ്ങി കിടക്കുന്ന സ്ഥലമായതുകൊണ്ട് പുറംബണ്ടിടാതെ ഇത് തിരിച്ചുകൊടുക്കാൻ കഴിയുകയില്ല. 1983-ൽ ഇതിനുവേണ്ടി ചില നിർദ്ദേശങ്ങളും കൊടുക്കുകയുണ്ടായി. ഇത് വളരെ ആഴമുള്ള വെള്ളക്കെട്ടായ സ്ഥലമായതിനാൽ മേപ്പടി ആളുകൾക്ക് താമസയോഗ്യമാക്കണമെങ്കിൽ സ്ഥലത്തിൻെറ പുറമ്പിറ തീർത്ത് ഉള്ളിലെ വെള്ളം വറ്റിച്ച് മണ്ണിട്ട് നികത്തിയാൽ മാത്രമേ നടക്കുകയുള്ളൂ. ആയതുകൊണ്ട് ആവശ്യമായ നിർദ്ദേശങ്ങളും തുകയും അനുവദിച്ചു കിട്ടുകയും പൊതുമരാമത്തു വകുപ്പിനെക്കൊണ്ട് പ്രത്യേക ജോലി ചെയ്തിക്കേണ്ടതുമാണ്. ഈ കാര്യം ചെയ്തു തീർത്താൽ മാത്രമേ ഇത് പ്രായോഗികമാക്കാൻ കഴിയൂ എന്ന നിലയിലുള്ള ഒരു മറുപടി 1983-ൽ തന്നെ കൊടുത്തിട്ടുണ്ട്. ഇതിനെത്തുടർന്ന് പതിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ച് ചില ചർച്ചകളും പാലാ ആർ. ഡി. ഒ. യുടെ സാന്നിദ്ധ്യത്തിൽ നടക്കുകയുണ്ടായി. ഏതായാലും ആദ്യമായി ഈ ജോലി ചെയ്തു തീർക്കേണ്ടതായിട്ടുണ്ട്. ക്യൂ. എസ്. ആർ. കായൽ പതിച്ചുകൊടുക്കുന്ന കാര്യത്തിലും ഇതുപോലെ പുറംബണ്ട് തീർക്കുക എന്നുള്ള ആദ്യനടപടിയാണ് ചെയ്തുതീർത്തത്. അതിൻെറ നടപടികളും ഇപ്പോൾ പൂർത്തിയായിട്ടുണ്ട്. അതുപോലെ ഈ ബണ്ടിൻേറയും പണി തീർക്കുവാനുള്ള നടപടികളും ഇപ്പോൾ ഗവൺമെൻറ് കൈക്കൊണ്ടിരിക്കുകയാണ്. 1969-ൽ ആരംഭിച്ച ഒരു കാര്യമാണ്. അടുത്ത കാലത്ത് ഇത്രയും നടപടികളും അടിയന്തിരമായി ചെയ്യണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഇത് പതിച്ചുകിട്ടുന്നതിനെപ്പറ്റിയുള്ള പിരിവിനെ പറ്റിയൊന്നും എനിക്ക് അറിഞ്ഞു കൂടാ. അങ്ങനെ എന്തെങ്കിലും കാര്യം ശ്രദ്ധയിൽപ്പെടുത്തിയാൽ അതിന് കർശനനടപടികളും സ്വീകരിക്കുന്നതാണ്. ഗവൺമെൻറിന് അതിനെപ്പറ്റി യാതൊരുവിധമുമില്ല.

ശ്രീ. എം. കെ. കേശവൻ : ഈ ഭൂമി പുറം ബണ്ടിട്ട് പട്ടയക്കാർക്ക് കൊടുക്കുന്നതുവരെയുള്ള കാലയളവിൽ പുതുതായി ആർക്കും പട്ടയം കൊടുക്കാതിരിക്കാനുള്ള നടപടികളും സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : അത് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

(2) ആദിവാസികളുടെ വീടുപണി പൂർത്തിയാക്കൽ

ശ്രീ. കെ. രാഘവൻമാസ്റ്റർ : സർ, നമ്മുടെ സംസ്ഥാനത്ത് ഏറ്റവും പിന്നോക്കം നിൽക്കുന്ന പട്ടിക വർഗ്ഗക്കാർക്കുവേണ്ടി പുനലൂർ, ഇരട്ടി, കൽപ്പറ്റ, മാനന്തവാടി, തൊടുപുഴ, അട്ടപ്പാടി എന്നീ ബി. ഡി. ഒ. മാരുടെ കീഴിൽ 1976 മുതൽ നിർമ്മിച്ചിട്ടുള്ള ആറായിരത്തോളം വീടുകളിൽ നാലായിരത്തോളം വീടുകളും ഇന്നും പൂർത്തിയാകാതെ നമ്മുടെ സംസ്ഥാനത്തിൻെറ വിവിധഭാഗങ്ങളിൽ കിടക്കുകയാണ്. ഈ ദയനീയാവസ്ഥയിൽ വളരെയധികം ആദിവാസികളും ബുദ്ധി മുട്ടുന്നു എന്ന കാര്യത്തെക്കുറിച്ച് ഞാൻ പറഞ്ഞറിയിക്കേണ്ട കാര്യമില്ല. ഒരു കാലത്ത് നോക്കെത്താത്ത ദൂരത്തോളമുള്ള വനപ്രദേശങ്ങളിൽ സ്വതന്ത്രമായി ജീവിക്കുവാനും അവിടെ നിന്നും കിട്ടുന്ന ഇല്ലികൊണ്ട് സുരക്ഷിതമായി വീടുവയ്ക്കുവാനും യാതൊരു പ്രയാസവും അവർക്കുണ്ടാ

LIBRARY ARCHIVES Kerala Legislative Assembly